LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ ഫോർട്ട്, ആറ്റിങ്ങൽ, കൊല്ലം ജില്ലയിലെ കണ്ടറേ, കോട്ടയം ജില്ലയിലെ കുറവിലങ്ങാട്, എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ, അങ്കമാലി, പുത്തൻവേലിക്കര, പിറവം, തൃശ്ശൂർ ജില്ലയിലെ പുതുക്കാട്, കോഴിക്കോട് ജില്ലയിലെ നാദാപുരം, മലപ്പുറം ജില്ലയിലെ അരീക്കോട്, കുറ്റിപ്പുറം, കണ്ണൂർ ജില്ലയിലെ പെരിങ്ങോം, പഴയങ്ങാടി, ഇരിട്ടി, കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ, നീലേശ്വരം എന്നീ താലൂക്ക് ആശുപത്രികളിലാണ് എക്സ്-റേ സംവിധാനം ഇല്ലാത്തത്. പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, പാലക്കാട്, വയനാട്, എന്നീ ജില്ലകളിലെ എല്ലാ താലൂക്ക് ആശുപത്രികളിലും എക്സ്-റേ സംവിധാനം നിലവിലുണ്ട്.

(ബി) താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ കൊടുവള്ളി സി.എച്ച്.സി.യിൽ നിന്നും പുനർവിന്യാസ അടിസ്ഥാനത്തിൽ എക്സ്-റേ ടെക്നീഷ്യന്റെ സേവനം ലഭ്യമാക്കിയതിനെത്തുടർന്ന് ഇപ്പോൾ എക്സ്-റേ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചാൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എക്സ്-റേ സൗകര്യം നിലവിൽ ലഭ്യമാണ്. കൊടുവള്ളി ഹെൽത്ത് സെന്ററിൽ എക്സ്-റേ ടെക്നീഷ്യന്റെ തസ്തിക ഉണ്ടെങ്കിലും എക്സ്-റേ മെഷീൻ ലഭ്യമല്ലാത്തതിനാൽ എക്സ്റേ സൗകര്യം നിലവിലില്ല. എക്സ്-റേ മെഷീൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എക്സ്-റേ ടെക്നീഷ്യന്റെ തസ്തിക താമരശ്ശേരി താലൂക്കാശുപത്രിയിലേയ്ക്ക് താത്ക്കാലികമായി പുനർവിന്യസിച്ചിട്ടുണ്ട്.

ബാലുശ്ശേരി താലൂക്കാശുപത്രിയിൽ കാരുണ്യ ഫാർമസി

40 (8100) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഫ്രാഞ്ചൈസിയായി കാരുണ്യ ഫാർമസി ആരംഭിക്കുന്നതിന് ആശുപത്രി അധികാരികളുമായി ചർച്ച നടത്തിയിരുന്നോ ;

(ബി) ഇതുപ്രകാരം കാരുണ്യ ഫാർമസി ആരംഭിക്കുന്നതിന് നിർദ്ദിഷ്ട സൗകര്യങ്ങളോടുകൂടിയ ഫാർമസി ഏർപ്പെടുത്താൻ നിർദ്ദേശിച്ചിരുന്നോ ;

(സി) ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിക്ക് ഈയിനത്തിൽ എത്ര രൂപ ചെലവ് വന്നിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ഡി) ഇതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഫാർമസിസ്റ്റുകൾക്ക് പരിശീലനം നൽകിയിരുന്നോ ;

(ഇ) ഫാർമസി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസറുടെ ഇ-മെയിൽ മുഖേന ലഭിച്ച 5-5-2014 തീയതിയിലെ കത്തിൽ (നമ്പർ ഇ I/40/2014) പ്രസ്തുത ആശുപത്രിയിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ ഒരു ഫ്രാഞ്ചൈസി ആരംഭിക്കുന്നതിനുവേണ്ടി ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കാരുണ്യ ഫാർമസി ആരംഭിക്കുന്നതിന് നിർദ്ദിഷ്ട സൗകര്യങ്ങളോടു കൂടിയ ഫാർമസി ഏർപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) 6,19,231 രൂപ ചെലവ് വന്നിട്ടുണ്ട്.

(ഡി) നൽകിയിട്ടുണ്ട്.

(ഇ) ഫാർമസി തുടങ്ങാനുള്ള സജ്ജീകരണങ്ങൾ പൂർത്തിയായിട്ടുണ്ട്.

കരുനാഗപ്പള്ളിയിൽ കാരുണ്യ ഫാർമസിയുടെ പ്രവർത്തനം ആരംഭിക്കാൻ നടപടി

41 (8101) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ പണി പൂർത്തീകരിച്ച കാരുണ്യ ഫാർമസിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) കാരുണ്യ ഫാർമസിയുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ (വൈദ്യുതി,

LIBRARY ARCHIVES Kerala Legislative Assembly